**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5003** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെയും പി.ടി.എ. യുടെയും പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുള്ള സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പി.ടി.എ.യും പ്രവർത്തിക്കേണ്ടതുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നിലവിലെ ഉത്തരവുകൾ പ്രകാരം 2 കമ്മിറ്റികളും പ്രവർത്തിക്കണം. സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, അദ്ധ്യാപക രക്ഷാകർത്തൃ സമിതി എന്നിവ രണ്ട് വ്യത്യസ്ത കമ്മിറ്റികൾ ആണെങ്കിലും വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി രൂപീകരിക്കുന്നവയാണ്. ആയതിനാൽ തന്നെ, രണ്ട് കമ്മിറ്റികൾക്കും സ്കൂളുകളിൽ തുല്യ പ്രധാന്യം ഉണ്ടായിരിക്കും എന്നതാണ് നിലവിലെ സർക്കാർ ഉത്തരവ്. |
| (ബി) | രണ്ടു കമ്മിറ്റികളും പ്രവർത്തിക്കേണ്ടതുണ്ടെങ്കിൽ യോഗങ്ങൾ പ്രത്യേകമായായാണോ സംയുക്തമായിട്ടാണോ ചേരേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) | രണ്ട് കമ്മറ്റികളായതിനാൽ പ്രത്യേകമായി യോഗം ചേരണം. |
| (സി) | സ്കൂളിലേക്ക് സർക്കാരും ഏജൻസികളും ലഭ്യമാക്കുന്ന ഫണ്ട് ചെലവഴിക്കേണ്ടത് എസ്.എം.സി യുടെ അക്കൗണ്ടിലൂടെയാണോ പി.ടി.എ. യുടെ അക്കൗണ്ടിലൂടെയാണോ എന്ന് വ്യക്തമാക്കാമോ; | (സി) | എസ്.എം.സി. കൾ ധനം കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടില്ല. പി.ടി.എ അക്കൗണ്ട് വഴിയാണ് ധനം കൈകാര്യം ചെയ്യുന്നത്. |
| (ഡി) | രണ്ട് കമ്മിറ്റികളുടെയും അധ്യക്ഷന്മാർ സ്കൂളിലെ സംയുക്ത യോഗത്തിലും മറ്റു പരിപാടികളിലും പങ്കെടുക്കുമ്പോൾ പ്രോട്ടോകോൾ എപ്രകാരമാണെന്ന് വിശദമാക്കാമോ; | (ഡി) | പ്രോട്ടോക്കോൾ നിശ്ചയിച്ചുള്ള ഉത്തരവുകൾ ഒന്നും നിലവിലില്ല. |
| (ഇ) | ഒരു സ്കൂളിലെ പി.ടി.എ കമ്മിറ്റിയുടെയും എസ്.എം.സി. യുടെയും അധ്യക്ഷനായി ഒരാൾ തന്നെ സേവനമനുഷ്ഠിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോയെന്ന് അറിയിക്കാമോ? | (ഇ) | രണ്ട് കമ്മിറ്റികളായതിനാൽ രണ്ട് പേർ അധ്യക്ഷനാകുന്നതാണ് സാധാരണ കീഴ്‌വഴക്കം. എന്നാൽ ഒരു സ്കൂളിലെ പി.ടി.എ കമ്മിറ്റിയുടേയും എസ്.എം.സി യുടേയും അധ്യക്ഷൻ ഒരാൾ തന്നെ ആകാൻ പാടില്ല എന്നുള്ള ഉത്തരവുകൾ ഒന്നും ലഭ്യമല്ല . |

സെക്ഷൻ ഓഫീസർ